# സിഗരറ്റ് കമ്പനികളുടെ കുതന്ത്രങ്ങൾ

**അഡ്വ. ആർ. സജു**

**കേരളാ ഹൈക്കോടതിയുടെ പൊതുസ്ഥലത്തെ പുകവലി നിരോധന ഉത്തരവ് ഇവിടെ മാത്രം സംഭവിച്ച ഒരു മഹാത്ഭുതമായിട്ടാണ് പലരും കരുതുന്നത്. ലോകത്തിലെ പകുതിയിലധികം രാജ്യങ്ങളിലും പുകവലി നിരോധിച്ചിട്ടുണ്ട്. 90 രാജ്യങ്ങളിൽ പൊതുസ്ഥലത്തു സമ്പൂർണമായും പുകവലി നിരോധിച്ചുകൊണ്ട് വ്യക്തമായ നിയമം പാസാക്കിയിട്ടുണ്ട്. ലോകത്തിന്റെ പലയിടത്തായി നടന്നിട്ടുള്ള ഇത്തരം നിരോധന നിയമങ്ങളും അവയ്ക്കെതിരെ പുകയില ലോബികൾ പയറ്റിയ ഗൂഢതന്ത്രങ്ങളും വിശദീകരിക്കുകയാണ്, ഇതെല്ലാം കൃത്യമായി ഡോക്യുമെന്റ് ചെയ്തിട്ടുള്ള ലേഖകൻ.**

നിഷ്ക്രിയ പുകവലി (പുകവലിക്കാരുടെ ഇടയിൽനിന്നു പുകവലിക്കാതെതന്നെ അതിന്റെ അപകടം സ്വീകരിക്കുന്നവർ)ക്കാർക്ക് ഉണ്ടാകുന്ന അപകടം ഒഴിവാക്കാനാണ് പൊതുസ്ഥലങ്ങളിൽ പ്രധാനമായും പുകവലി നിരോധിക്കുന്നത്. പുകവലിയുടെ അപകടത്തെക്കുറിച്ച് ശാസ്ത്രീയമായ പഠനങ്ങൾ നടന്നത് 1950കൾ മുതലാണ്. 1970കളോടെ നിഷ്ക്രിയ പുകവലിയുടെ അപകടത്തെക്കുറിച്ചുള്ള പഠന റിപ്പോർട്ടുകൾ പുറത്തുവന്നു തുടങ്ങി.

ഒരു സിഗരറ്റ് കത്തിക്കുമ്പോൾ നാലായിരം (4000)ത്തോളം വിഷവസ്തുക്കളാണ് പുറത്തേക്ക് വമിക്കുന്നത്. ഒരു പുകവലിക്കാരന്റെ അകത്തേക്ക് കടക്കുന്നതിന്റെ മൂന്നിരട്ടി നിക്കോട്ടിനും നാലിരട്ടി ബെൻസോപൈറിനും (Benzo Pyrene) അഞ്ചിരട്ടി കാർബൺ മോണോക്സൈഡും പുകവലിക്കാരന്റെ അടുത്തിരിക്കുന്ന നിഷ്ക്രിയ പുകവലിക്കാരന്റെ ഉള്ളിലെത്തുന്നു. നമ്മുടെ രാജ്യത്ത് 35 – 40 ശതമാനം പുകവലിക്കുന്നുണ്ട്. ഇതിനേക്കാൾ കൂടുതൽ ജനം നിഷ്ക്രിയ പുകവലിയുടെ അപകടം സ്വീകരിക്കേണ്ടിവരുന്നു. ആരോഗ്യമന്ത്രാലയത്തിന്റെ കണക്കുകൾ പ്രകാരം പ്രതിവർഷം 7 ലക്ഷം ജനങ്ങൾ പുകവലിമൂലമുള്ള അസുഖങ്ങളാൽ കൊല്ലപ്പെടുന്നു. ഇതിൽ പകുതിയിലധികവും നിഷ്ക്രിയ പുകവലിക്കാരാണ്. ലോകാരോഗ്യസംഘടന (WHO) കണക്കുകൾ പറയുന്നത് ഭൂമുഖത്ത് ഉദ്ദേശ്യം 1100 ദശലക്ഷം പുകവലിക്കാരുണ്ടെന്നാണ്. പുകവലിമൂലം 10000 ജനങ്ങൾ പ്രതിദിനം "കൊല്ലപ്പെടുന്നു."

ലോകത്ത് ഒരു രാജ്യത്തും പുകവലി പൂർണമായും നിരോധിച്ചിട്ടില്ല. സിഗരറ്റ് പരസ്യങ്ങൾക്കും പൊതുസ്ഥലങ്ങളിലുള്ള പുകവലിയും മാത്രമാണ് നിയന്ത്രിത നിരോധനം ഏർപ്പെടുത്തിയിട്ടുള്ളത്. ഇത് സിഗരറ്റ് കമ്പനികളുടെ വിറ്റുവരവിൽ ഗണ്യമായ കുറവ് വരുത്തുകയുണ്ടായി. ഇതിനെ നേരിടാൻ കമ്പനികൾ രണ്ട് വഴികളാണ് സ്വീകരിച്ചത്.

**ഒന്ന്:** സിഗരറ്റിനെതിരേ നിയമനിർമാണം നടത്താതിരിക്കാൻ ഗവൺമെന്റിനുമേൽ രാഷ്ട്രീയവും സാമ്പത്തികവുമായ സമ്മർദ്ദം ചെലുത്തുക. 1995ൽ ചെക്കോസ്ലോവാക്യ പ്രസിഡന്റ് വക്ലാവ് ഹാവെൽന്റെ പാർലമെന്റ് പാസാക്കിയ പുകവലി വിരുദ്ധനിയമം വീറ്റോ ചെയ്തത് പുകയിലക്കമ്പനികളുടെ സമ്മർദം മൂലമാണെന്ന വിമർശനമുയർന്നിട്ടുണ്ടായിരുന്നു.

**രണ്ട്:** ഗവേഷണങ്ങൾ നിഷ്ക്രിയ പുകവലി അപകടകരമേയല്ല എന്ന് വരുത്തിതീർക്കാൻവേണ്ടിയും നിഷ്ക്രിയ പുകവലിക്കാരന് അപകടമുണ്ടാക്കുന്ന രാസവസ്തുക്കളുടെ തോത് കുറയ്ക്കുന്നതിനുവേണ്ടിയുള്ള ഗവേഷണങ്ങൾ.

ഇതിന്റെ ഭാഗമായി 1980ൽ ബ്രിട്ടീഷ് അമേരിക്കൻ ടുബാക്കോ കമ്പനി (BATC) നിഷ്ക്രിയ പുകവലിക്കാർക്ക് കൂടുതൽ അപകടമുണ്ടാക്കുന്ന കാർബൺ മോണോക്സൈഡിന്റെ അളവ് കുറയ്ക്കുന്നതിനുവേണ്ടി ഗവേഷണമാരംഭിച്ചു. അത്തരം സിഗരറ്റ് വികസിപ്പിച്ചെടുക്കുകയും ചെയ്തു. ഈ സിഗരറ്റ് സ്ഥിരമായി പുകവലിക്കാനുള്ള ത്വര ഉണ്ടാക്കുന്നില്ല എന്നതുകൊണ്ടും ഉത്പാദനച്ചെലവ് വർധിക്കുന്നതുകൊണ്ടും BATC അത്തരം സിഗരറ്റ് വിപണിയിലിറക്കിയില്ല. മറ്റാരും ഇറക്കാതിരിക്കാൻവേണ്ടി ഈ സാങ്കേതികവിദ്യ പേറ്റന്റെടുത്തു രഹസ്യമായി സൂക്ഷിക്കുകയും ചെയ്തു. (പേറ്റന്റ് നമ്പർ: US - 4182348) 19 വർഷങ്ങൾക്കുശേഷം ഇക്കഴിഞ്ഞ മേയിലാണ് ഈ വിവരം ലോകം അറിയുന്നത്.

1981ൽ ഫിലിപ്പ് മോറിസ് എന്ന കമ്പനി സിഗരറ്റിലെ ഏറെ അപകടകാരിയായ ഹൈഡ്രജൻ സയനൈഡ് ഒഴിവാക്കികൊണ്ടുള്ള സാങ്കേതികവിദ്യ വികസിപ്പിച്ച് അതും രഹസ്യമായി സൂക്ഷിക്കുകയുണ്ടായി. അമേരിക്കയിലെ ASIT എന്ന സംഘടനയാണ് (Action on Smoking and Health) ഈ വിവരം പുറത്തുകൊണ്ടുവന്നത്.

1995 മുതൽ നിഷ്ക്രിയ പുകവലി അപകടകരമല്ല എന്ന് വരുത്തിതീർക്കുന്നതിനു വേണ്ടിയുള്ള പ്രവർത്തനങ്ങൾ ഇന്ത്യയിൽ ആരംഭിച്ചു. ടുബാക്കോ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യയാണ് ദൗത്യം ഏറ്റെടുത്തത്. വിദേശങ്ങളിൽ നടന്നതിനേക്കാൾ കൂർമബുദ്ധി ഉപയോഗിച്ചുള്ള സന്നാഹങ്ങളാണ് അവരിവിടെ സംഘടിപ്പിച്ചത്. നിഷ്ക്രിയ പുകവലിക്ക് ഇംഗ്ലീഷിൽ Passive Smoking എന്നാണ് പറയുന്നത്. ഇത് സാധാരണക്കാർക്ക് പെട്ടെന്ന് മനസിലാവുന്നതാണ്. ഇത് ഒഴിവാക്കാനായി ETS (Environmental tobocco smoking) എന്ന ഓമനപ്പേര് നിഷ്ക്രിയ പുകവലിക്കുകൊടുത്തു.

ഇന്ത്യയിൽ, പ്രധാന നഗരങ്ങളിൽ പ്രതിവർഷം 40,000 പേർ വാഹനങ്ങളിൽനിന്നും വ്യവസായങ്ങളിൽനിന്നുമുള്ള വായുമലിനീകരണത്തിലൂടെയാണ് മരണപ്പെടുന്നത്. നിഷ്ക്രിയ പുകവലി വായു മലിനീകരണമൊന്നും ഉണ്ടാക്കുന്നില്ല എന്നാണവരുടെ വാദം. ഇന്ത്യൻ നഗരങ്ങളിൽ കാർബൺ മോണോക്സൈഡിന്റെ അളവ് WHO നിർദേശിച്ചിട്ടുള്ള സ്റ്റാൻഡേഡിനേക്കാൾ 50 മടങ്ങ് കൂടുതലാണെന്ന കണക്കും അവർ ഉദ്ധരിക്കുന്നു. ശ്വാസകോശ കാൻസറിനു ജനന വൈകല്യങ്ങൾക്കും ബുദ്ധിമാന്ദ്യത്തിനും കാരണം പരിസര മലിനീകരണം മാത്രമാണ് എന്നാണവർ പറയുന്നത്. ഇന്ത്യയിലെ പണമോഹികളായ

(ശേഷം അഞ്ചാം പേജിൽ)




# സിഗരറ്റ് കമ്പനികളുടെ കുതന്ത്രങ്ങൾ

ഒന്നാം പേജ് തുടർച്ച

കപട പരിസ്ഥിതി സംഘടനകളെ ഉപയോഗിച്ചാണ് ടുബാക്കോ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യ ഈ ആശയങ്ങൾ പ്രചരിപ്പിക്കുന്നത്.

പൊതുസ്ഥലത്തുള്ള പുകവലി അപകടകരമല്ല എന്ന് കാണിക്കാനും അവർക്ക് ചില കണക്കുകളുണ്ട്. പുകവലിക്കാർ മാത്രമുള്ള ഭക്ഷണ മുറിയിലിരുന്ന് 300 മണിക്കാർ ഭക്ഷണം കഴിച്ചാലേ ഒരു സിഗരറ്റ് വലിക്കുന്ന ദോഷം നിഷ്ക്രിയ പുകവലിക്കാരനുണ്ടാവൂ; പുകവലിക്കാർ മാത്രമുള്ള ഓഫീസ് മുറിയൽ 50 ദിവസം തുടർച്ചയായി ജോലി ചെയ്താലേ ഒരു നിഷ്ക്രിയ പുകവലിക്കാരന് ഒരു സിഗരറ്റ് വലിക്കുന്ന ഫലമുണ്ടാവൂ; പുകവലിക്കാർ നിറഞ്ഞ ഒരു സൂപ്പർ മാർക്കറ്റിൽ 25 വർഷം ഷോപ്പിംഗ് നടത്തിയാലേ ഒരു സിഗരറ്റ് വലിക്കുന്ന ഫലം ചെയ്യൂ. ഇങ്ങനെ പോകുന്നു ടുബാക്കോ ഇൻസ്റ്റിറ്റ്യൂട്ട് സ്വന്തമായി നടത്തിയ പഠന വിവരങ്ങൾ. ഇതിലെ സത്യാവസ്ഥ എത്രമാത്രമുണ്ടാവുമെന്നതിനെ കുറിച്ച് ആലോചിക്കേണ്ടതുപോലുമില്ലല്ലോ.

1998 ജൂൺ മുതൽ ടുബാക്കോ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യ 'ഔട്ട്ലുക്ക്' പോലുള്ള ഇംഗ്ലീഷ് വാരികകളിൽ ആകർഷകമായ മുഴുവൻ പേജ് പരസ്യങ്ങൾ പ്രസിദ്ധീകരിക്കാൻ തുടങ്ങി. പരസ്യത്തിന്റെ സന്ദേശം ഇപ്രകാരമായിരുന്നു. "പുകവലിക്കാർ പൊതുസ്ഥലത്ത് മറ്റുള്ളവർക്ക് ബുദ്ധിമുട്ടുണ്ടാക്കുന്ന വിധത്തിൽ പുകവലിക്കരുത്. പുകവിക്കുന്നവർക്കും അല്ലാത്തവർക്കും ഇവിടെ സൗഹൃദത്തോടെ, സന്തോഷത്തോടെ ജീവിക്കാം." പുകവലിക്കാർക്ക് നിർദേശം നല്കി പ്രശ്നത്തിന്റെ ഗൗരവം കുറയ്ക്കാം എന്ന ഉദേശ്യമായിരുന്നിരിക്കാം ഇത്തരം പരസ്യങ്ങൾക്കു പിന്നിൽ.

1997 ഓഗസ്റ്റിൽ അമേരിക്കയിൽ സർക്കാർ ഓഫീസുകളിൽ പുകവലി നിരോധിച്ചുകൊണ്ട് പ്രസിഡന്റ് ബിൽ ക്ലിന്റൺ ഉത്തരവിറക്കി. ഇത് പുകയില കമ്പനികൾക്ക് അപ്രതീക്ഷിതമായ ഒരടിയായിരുന്നു. കൂടുതൽ രാജ്യങ്ങൾ പുകവലി വിരുദ്ധ നിയമങ്ങളുണ്ടാക്കിയത് ഇതിനുശേഷമായിരുന്നു. 1994ൽ ഇന്ത്യയിൽ പൊതുസ്ഥലത്ത് പുകവലി ശിക്ഷാർഹമാക്കിക്കൊണ്ട് ഒരു നിയമം കൊണ്ടുവരാൻ ശ്രമിച്ചതാണ്. 1994 മേയ് 31ന് ഇത് സംബന്ധിച്ച ഒരു കരട് ബില്ലും കേ. ആരോഗ്യ മന്ത്രാലയം സമർപ്പിച്ചിരുന്നു. പുകയില ലോബിയുടെ സമ്മർദംകൊണ്ട് ആ ബില്ല് വെളിച്ചം കണ്ടില്ല. 1996ൽ ദേവഗൗഡ മന്ത്രിസഭാകാലത്ത് വീണ്ടുമൊരു ശ്രമം നടന്നെങ്കിലും അതും പരാജയപ്പെടുകയാണുണ്ടായത്. ഇന്ത്യൻ രാഷ്ട്രീയത്തിൽ പുകയില ലോബിയുടെ സമർദ്ദം എത്രമാത്രം ശക്തമാണ് എന്നിതിൽനിന്നും മനസിലാക്കാനാവും.

**സിഗരറ്റിനെതിരേ 50 പ്രമുഖ രാജ്യങ്ങളിലെ ആരോഗ്യ മന്ത്രിമാർ ഒന്നുചേർന്ന അതീവ സാമൂഹ്യ പ്രാധാന്യമുള്ള സമ്മേളനം നമ്മുടെ ഇംഗ്ലീഷ്, മലയാളം പത്രങ്ങൾ റിപ്പോർട്ട് ചെയ്തില്ലെന്നത് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. പരസ്യങ്ങൾക്കൊണ്ട് പുകയിലകമ്പനികൾ പത്രങ്ങളുടെമേൽ ചെലുത്തുന്ന സ്വാധീനം ഇതിലൂടെ വ്യക്തമാവുന്നു. ഒരു ഹൈക്കോടതി വിധികൊണ്ടോ, സുപ്രീകോടതി വിധികൊണ്ടോ മാത്രം പൊതുസ്ഥലത്തെ പുകവലി പൂർണമായും നിരോധിക്കാനാവില്ല. അതിന് പാർലമെന്റിലൂടെ സമഗ്രവും വ്യക്തവുമായ നിയമം പാസാക്കിയേ തീരൂ. അതിനുവേണ്ടി ബഹുജനാഭിപ്രയം ഉയർന്നുവരേണ്ടതുണ്ട്.**

1999 ജനുവരിയിൽ WHO സിഗരറ്റിന്റെ പരസ്യം നിരോധിക്കുന്നതിനുവേണ്ടിയും പൊതുസ്ഥലത്ത് പുകവലി നിരോധിക്കുന്നതിന്, രാജ്യങ്ങൾ ഒത്തുചേർന്ന് ഒരു അന്താരാഷ്ട്ര പൊതുജന ആരോഗ്യ ഉടമ്പടി (World Public Health Treaty) 2003ഓടെ ഉണ്ടാക്കണമെന്ന് നിർദേശിക്കുകയുണ്ടായി. ഇതിനനുബന്ധമായി ഇക്കഴിഞ്ഞ ജൂൺ മാസം ലണ്ടനിൽ 50 രാജ്യങ്ങളിലെ ആരോഗ്യ മന്ത്രിമാർ സംബന്ധിച്ച ഒരു അന്താരാഷ്ട്ര പരിസ്ഥിതി - ആരോഗ്യ സമ്മേളനം നടക്കുകയുണ്ടായി.

പുകവലി നിയന്ത്രിക്കുന്നതിന് ലോകത്തിലെ ഗവൺമെന്റുകൾ അടിയന്തരമായി 5 കാര്യങ്ങൾ ചെയ്യണമെന്ന് സമ്മേളനം ശക്തമായി നിർദേശിക്കുകയുണ്ടായി. അവ:-

1. പൊതുസ്ഥലത്ത് പുകവലി നിരോധിക്കാൻ നിയമമുണ്ടാക്കുക.
2. പുകവലിക്കാരുടെ എണ്ണം കുറയ്ക്കാൻ ബോധവത്കരണം നടത്തുക.
3. സിഗരറ്റ് കവറിൽ കൂടുതൽ ആരോഗ്യ നിർദേശങ്ങൾ ചേർക്കുക.
4. ഗർഭിണികൾ സിഗരറ്റ് വലിക്കുന്നത് തടയുവാൻ കഴിയുന്ന ഫലപ്രദമായ നടപടികൾ സ്വീകരിക്കുക.
5. പണപ്പെരുപ്പത്തിനേക്കാൾ ഉയർന്നതോതിൽ സിഗരറ്റിന്റെ വില വർധിപ്പിക്കുക.